(ഡി) ഇതിനുത്തരവാദി ഹോണററി സെക്രട്ടറിയായിരുന്ന ശ്രീ. ഗോപിനാഥൻ നായർ ആണ്.

(ഇ) ക്രമക്കേടിൽ കണ്ടുപിടിച്ച തുക ഈടാക്കുന്നതിന്റെ ഭാഗമായി 1969-ലെ കേരള സഹകരണ നിയമം 68-ാം വകുപ്പ് പ്രകാരമുള്ള സർ ചാർജ് നടപടികൾ തുടർന്ന് വരുന്നു.

(എഫ്) ഡിപ്പാർട്ടുമെന്റിൽ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിനോട് ആവശ്യപ്പെട്ടിരുന്നു. ശ്രീ. ഗോപിനാഥൻ നായർക്കെതിരെയുള്ള അച്ചടക്ക നടപടികൾ അവസാനിപ്പിച്ചതായി ബന്ധപ്പെട്ട വകുപ്പ് സഹകരണ വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കേരള സഹകരണ നിയമമനുസരിച്ച് സംഘത്തിലേക്ക് ഈടാക്കാനുള്ള തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ജി) സാമ്പത്തിക ക്രമക്കേടിൽ കണ്ടുപിടിച്ച തുക ഈടാക്കാൻ കേരള സഹകരണ സംഘം നിയമം 68-ാം വകുപ്പ് പ്രകാരമുള്ള സർചാർജ് നടപടികൾ തുടർന്നു വരുന്നു.

പ്രാഥമിക സഹകരണ സംഘങ്ങൾ പ്രവർത്തിക്കാൻ നടപടി

138(1041) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിൽ ഓഡിറ്റ് ക്ലാസിഫിക്കേഷനുസരിച്ച് എ,ബി,സി എന്നീ ക്ലാസുകളിൽ എത്ര വീതം സംഘങ്ങളുണ്ട് എന്നറിയിക്കുമോ ;

(ബി) ഇതിൽ ലിക്വിഡേഷൻ നടപടിക്ക് വിധേയമായിക്കൊണ്ടിരിക്കുന്നവ എത്ര ഉണ്ടെന്ന് വിഭാഗം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഇത്തരം സംഘങ്ങളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇല്ലെങ്കിൽ ഇവ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിൽ ഓഡിറ്റ്, ക്ലാസിഫിക്കേഷനുസരിച്ച് ക്ലാസ് 'എ'യിൽ 169-ഉം, ക്ലാസ് 'ബി'യിൽ 626 ഉം ക്ലാസ് 'സി'യിൽ 2038 സംഘങ്ങളും ഉണ്ട്.

(ബി) ലിക്വിഡേഷൻ നടപടിക്ക് വിധേയമാക്കിക്കൊണ്ടിരിക്കുന്നവയുടെ വിഭാഗം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1.	പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ	48
2.	എംപ്ലോയീസ് വായ്പ സംഘങ്ങൾ	41
3.	എസ്.സി/ എസ്.റ്റി വായ്പ സംഘങ്ങൾ	21
4.	മറ്റുള്ളവ	9
	ആകെ	119

(സി&ഡി) ലിക്വിഡേഷൻ നടപടി ഉത്തരവായിട്ടുള്ള സംഘം പുനരുദ്ധരിക്കുന്നതിനുള്ള അപേക്ഷ ലിക്വിഡേഷൻ ഉത്തരവ് തീയതിമുതൽ ഒരു വർഷത്തിനുളളിൽ സമർപ്പിക്കുകയാണങ്കിൽ അത് പരിശോധിച്ച് പുനരുദ്ധാരണത്തിന് സാദ്ധ്യതയുണ്ടെന്ന് കാണുന്നപക്ഷം പ്രവർത്തനം തുടരുന്നതിന് ടി സംഘത്തെ അനുവദിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II ശ്രദ്ധക്ഷണിക്കൽ

(1) കാപ്പികൃഷിയുടെ വിലയിടിവുമൂലം സംസ്ഥാനത്തെ കാപ്പി കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, കേരളത്തിൽ ഏകദേശം ഒന്നേകാൽ ലക്ഷം ചെറുകിട കാപ്പി കൃഷിക്കാരുണ്ട്. വൻകിട കാപ്പി കൃഷിക്കാർ ഏകദേശം 200-ൽ താഴെ മാത്രമേ വരൂ. ഒന്നേകാൽ ലക്ഷത്തിൽ ഏകദേശം ഒരു ലക്ഷം ചെറുകിട കാപ്പി കൃഷിക്കാർ വയനാട്ടിലാണ്. കാപ്പിയുടെ വില കിലോഗ്രാമിന് 130 രൂപവരെ പോയതാണ്. ഇപ്പോൾ അത് കുറഞ്ഞു. കുറഞ്ഞ് വന്ന് 30 രൂപയായി മാറിയിരിക്കുകയാണ്. റബ്ബറിനേക്കാൾ ദയനീയമാണ് കാപ്പിയുടെ സ്ഥിതി. റബ്ബറിന് 67 രൂപ ഉണ്ടായിരുന്നത് ഇപ്പോൾ ഏകദേശം 30 രൂപ കിട്ടുന്നുണ്ട്. കാപ്പിക്ക് 130 രൂപ ഉണ്ടായിരുന്നിടത്ത് ഇപ്പോൾ 30 രൂപയായി കുറഞ്ഞിരിക്കുന്നു. കുരുമുളക് ദ്രുതവാട്ടരോഗം കൊണ്ട് നശിച്ചുപോയ വയനാട്ടിലെ കൃഷിക്കാർക്ക് കൂനിൻമേൽ കുരു പോലെയാണ് കാപ്പിയുടെ വിലത്തകർച്ച. കാപ്പിയുടെ ഉൽപ്പാദനചെലവ് വളരെ കൂടിയ സംസ്ഥാനമാണ് കേരളം. കർണ്ണാടകത്തിൽ ഹെക്ടറിന് ഏകദേശം 1053 കിലോഗ്രാം കാപ്പി ഉൽപ്പാദിപ്പിക്കപ്പെടുമ്പോൾ കേരളത്തിൽ ഏകദേശം 623 കിലോഗ്രാം കാപ്പിയാണ് ശരാശരി ഹെക്ടറിന് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. ഇന്ന് ശരാശരി ഉൽപ്പാദനം കുറവും കൂലിചെലവ് കൂടുതലും, വളം, കീടനാശിനി എന്നിവയുടെ വിലവർദ്ധനവും ഒക്കെ കണക്കാക്കുമ്പോൾ ഒരു കിലോഗ്രാം കാപ്പിക്ക് ശരാശരി 35 രൂപയെങ്കിലും ഉൽപ്പാദനച്ചെലവ് വരും. 35 രൂപ ഉൽപ്പാദനച്ചെലവ്

LIBRARY ARCHIVES Kerala Legislative Assembly